"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ ഗുണഭോക്താക്കൾക്കായി കേന്ദ്രസർക്കാർ പരിമിതപ്പെടുത്തിയിരിക്കുന്ന റേഷൻ പഞ്ചസാരയുടെ വില കിലോഗ്രാമിന് 21 രൂപയിൽ നിന്നും 27 രൂപയായി വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.20/2024/F&CS തീയതി,തിരുവനന്തപുരം, 20-12-2024

---

പരാമർശം:-
1. സ.ഉ.(കൈ) 31/2018/ഭ.പൊ.വ.വ. തീയതി. 3/8/2018.
2. സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 15.04.2024 ലെ KSCSC/204/2023-GS4 നമ്പർ കത്ത്.
3. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 30.08.2024-ലെ സി.സി.എസ് 2985/2024-A2 നമ്പർ കത്ത്.

**ഉത്തരവ്**

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ അന്ത്യോദയ അന്നയോജന ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യുന്ന റേഷൻ പഞ്ചസാരയുടെ വിൽപന വില പരാമർശം (1) പ്രകാരം കിലോഗ്രാമിന് 13.50 രൂപയിൽ നിന്നും 21.00 രൂപയായി വർദ്ധിപ്പിച്ച് 2018 ഓഗസ്റ്റ് മുതൽ വിതരണം നടത്തി വരുന്നു. റേഷൻ പഞ്ചസാരയുടെ വിതരണത്തിലൂടെ സർക്കാരിനുണ്ടാകുന്ന പ്രതിവർഷ ബാധ്യത ലഘൂകരിക്കുന്നതിനായി, അന്ത്യോദയ അന്നയോജന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന റേഷൻ പഞ്ചസാരയുടെ നിലവിലെ വിൽപ്പന വില കിലോഗ്രാമിന് 21 രൂപയിൽ നിന്നും 31 രൂപയായി പുനർ നിശ്ചയിച്ച് നൽകണമെന്ന് സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറും, നിലവിലുള്ള വിൽപ്പന വില കിലോഗ്രാമിന് 25 രൂപയായി വർദ്ധിപ്പിച്ച് നൽകണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറും പരാമർശം (2), (3) എന്നിവ പ്രകാരം യഥാക്രമം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ പഞ്ചസാരയുടെ വാങ്ങൽവില വർദ്ധിക്കുന്നതിനുള്ള സാഹചര്യം കൂടി പരിഗണിച്ച്, റേഷൻ പഞ്ചസാര വിതരണത്തിലൂടെ സർക്കാരിനുണ്ടാകുന്ന പ്രതിവർഷ ബാധ്യത ലഘൂകരിക്കുന്നതിനായി സംസ്ഥാനത്തെ അന്ത്യോദയ അന്നയോജന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന റേഷൻ പഞ്ചസാരയുടെ വിൽപന വില കിലോഗ്രാമിന് 21/- രൂപയിൽ നിന്നും 27/- രൂപയായി വർദ്ധിപ്പിച്ചും റേഷൻ വ്യാപാരികൾക്കു ഒരു കിലോ പഞ്ചസാരയുടെ

വിതരണത്തിനായി നിലവിൽ നൽകി വരുന്ന കമ്മിഷൻ 50 പൈസയിൽ നിന്നും ഒരു രൂപയായി വർദ്ധിപ്പിച്ചും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
2. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം
4. ധനകാര്യവകുപ്പ് (അഗ്രി. C2/130/2024-ധന, തീയതി 6/11/2024)
5. പൊതുഭരണ (എസ്.സി) വകുപ്പ്
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ (ഫയൽ നം. ഭ.പൊ.വി.വ-ബി1/120/23/ഭ.പൊ.വി.വ)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 20-12-2024 11:04:51
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഭക്ഷ്യപൊതുവിതരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
ഭക്ഷ്യപൊതുവിതരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്